**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 272** **04-10-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകാർഡ് മുൻഗണന വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റേഷൻ കാർഡ് മുൻഗണന വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്ന എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച് വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ ആയിരം സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും, നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽ നിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തി വരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ കണ്ടെത്തുന്ന നടപടികൾ തുടരുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസകാലയളവിലേക്ക് |

| | | | |
|---|---|---|---|
| | | | ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ/ മുൻഗണനാ വിഭാഗത്തിൽപെട്ട കാർഡുടമകൾ ആണെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. ഇതിനു പുറമേ എഎ.വൈ, മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതുപ്രകാരം 11587 എ.എ.വൈ കാർഡുകളും, 74,626 പി.എച്ച്.എച്ച്. കാർഡുകളും 55974 എൻ.പി.എസ് കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്യുകയുണ്ടായി. കൂടാതെ കൃത്യമായ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ വിഭാഗത്തിൽ 13,000 ഉം പി.എച്ച്.എച്ച് വിഭാഗത്തിൽ 1,32,000 ഒഴിവുകളും ഉണ്ടായി. 31/07/2021 വരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ഒഴിവുകളിൽ നിന്ന് 12,596 കുടുംബങ്ങളെ എ.എ.വൈ വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി 01/08/2021 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർ പ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. |
| (ബി) | റേഷനിംഗ് ഇൻസ്പെക്ടർമാരുടെ സമയബന്ധിതമായ പരിശോധനയുടെ അഭാവം കാരണം റേഷൻ ആനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ബാധകമല്ല. |
| (സി) | അനർഹമായി റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിൽ ഈടാക്കിയ പിഴയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | അനർഹമായി റേഷൻ ആനുകൂല്യങ്ങൾ കൈപറ്റിയവർക്ക് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വിശദീകരണം തൃപ്തികരമല്ലെങ്കിൽ ടി കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുകയും ഇവരുടെ കൈയിൽ നിന്നും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോള വില |

| | | | |
|---|---|---|---|
| | | | ഈടാക്കുകയും ചെയ്യുന്നു. നാളിതുവരെ പിഴ ഇനത്തിൽ 3,44,28,978/- രൂപ ഈടാക്കിയിട്ടുണ്ട്. |
| (ഡി) | തലശ്ശേരി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിൽ ഇത്തരത്തിൽ അനർഹമായ എത്ര റേഷൻ കാർഡുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ; അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ? | (ഡി) | തലശ്ശേരി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിൽ ഇതുവരെ 9665 അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്. മുൻസിപ്പാലിറ്റി - 2074 പഞ്ചായത്ത് - 7591 ആകെ - 9665 മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും, ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ